**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4174** **03-03-2023 - ൽ മറുപടിയ്ക്ക്**

**തരൂർ മണ്ഡലത്തിലെ പെരുമന-തോട്ടക്കര പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തരൂർ മണ്ഡലത്തിലെ പെരുമന - തോട്ടക്കര പാലം പൂർണ്ണതോതിൽ പ്രവർത്തനക്ഷമമായിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പാലം പ്രവർത്തന ക്ഷമമാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | പാലം പൂർണതോതിൽ പ്രവർത്തനക്ഷമം ആകണമെങ്കിൽ പാലത്തിന് ഇരു വശങ്ങളിലുമായി 40 മീറ്റർ അപ്രോച്ച് റോഡ് പൂർത്തീകരിക്കേണ്ടതും ഇലക്ട്രിക്കൽ ഹൈടെൻഷൻ ലൈൻ മാറ്റേണ്ടതുൾപ്പെടെ ഏകദേശം 40 ലക്ഷം രൂപയുടെ അനുബന്ധ പ്രവൃത്തികൾ കൂടെ പൂർത്തീകരിക്കേണ്ടതുണ്ട്. |
| (സി) | പാലത്തിന്റെ അനുബന്ധപ്രവത്തികൾക്കുള്ള തുക 40 ലക്ഷം രൂപ അനുവദിക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട് വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (സി) | 40 ലക്ഷം രൂപയുടെ അധിക തുക സംബന്ധിച്ച ആവശ്യം സർക്കാരിൽ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ